GENERAL EDUCATION DEPARTMENT
GOVERNMENT OF KERALA

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

ICFOSS
INTERNATIONAL CENTRE FOR
FREE AND OPEN SOURCE SOFTWARE


സ്കൂളുകളിൽ
**29000 റോബോട്ടിക് കിറ്റുകൾ**
വിന്യസിച്ചതിന്റെ
# പൂർത്തീകരണ പ്രഖ്യാപനവും
ലിറ്റിൽകൈറ്റ്സ്
സംസ്ഥാനതല
## ക്യാമ്പ് ഉദ്ഘാടനവും

**2025 ഫെബ്രുവരി 8 രാവിലെ 10.30 ന്**
**I C F O S S, ഗ്രീൻ ഫീൽഡ് സ്റ്റേഡിയം**
**കാര്യവട്ടം, തിരുവനന്തപുരം**

little KITEs
# സംസ്ഥാന ക്യാമ്പ് 2025

**2025 ഫെബ്രുവരി 8 9**
ICFOSS
**ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം**





youtube.com/itsvicters

മാന്യരേ,

പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സംസ്ഥാനത്തെ ഹൈസ്ക്കൂളുകളിൽ 29000 റോബോട്ടിക് കിറ്റുകൾ വിന്യസിച്ചു കഴിഞ്ഞു. എ.ഐ./റോബോട്ടിക്സ്/ഐ.ഒ.ടി. ഉൾപ്പെടെ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനാണ് ഈ സംവിധാനം. Indian Oil Corporation Ltd. (8475 എണ്ണം), Cochin Shipyard Ltd. (4615), QBurst Technologies (1000), Canara Bank (1000) എന്നീ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ 2294 ഹൈസ്കൂളുകളിൽ നടപ്പാക്കിയ ലിറ്റിൽകൈറ്റ്സ് ഐ.ടി ക്ലബ്ബുകൾ ഇന്ത്യയിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐ.സി.ടി ശൃംഖലയാണ്. ഇതിലൂടെ 8, 9, 10 ക്ലാസുകളിലെ 1.80 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഓരോ വർഷവും ഐ.ടി മേഖലയിൽ വിദഗ്ധ പരിശീലനം നേടുകയും മറ്റുള്ളവർക്ക് പങ്കുവെക്കുകയും ചെയ്യുന്നു. സ്കൂൾ തലത്തിൽ 66737 കുട്ടികളും സബ്ജില്ലാ തലത്തിൽ 15668 കുട്ടികളും ജില്ലാതലത്തിൽ 1253 കുട്ടികളും പങ്കെടുത്ത് നടത്തുന്ന ക്യാമ്പുകളുടെ തുടർച്ചയായി സംസ്ഥാന ക്യാമ്പ് ഐ.ടി. വകുപ്പിനു കീഴിലുള്ള ICFOSS ന്റെ സഹകരണത്തോടെ 2025 ഫെബ്രുവരി 8,9 തീയതികളിൽ നടത്തുകയാണ്.

**29000 റോബോട്ടിക് കിറ്റുകൾ വിന്യസിച്ചതിന്റെ പൂർത്തീകരണ പ്രഖ്യാപനവും ലിറ്റിൽകൈറ്റ്സ് 2023-26 ബാച്ചിന്റെ സംസ്ഥാന ക്യാമ്പ് ഉദ്ഘാടനവും** തിരുവനന്തപുരം, കാര്യവട്ടം, ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ **ICFOSS ആസ്ഥാനത്ത് ഫെബ്രുവരി 8-ന് രാവിലെ 10.30 ന്** ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി **ശ്രീ. വി. ശിവൻകുട്ടി** നിർവഹിക്കും. കഴക്കൂട്ടം എം എൽ എ **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** അദ്ധ്യക്ഷനാകും. കുട്ടികൾ തയ്യാറാക്കിയ റോബോട്ടിക് ഉല്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കും. തുടർന്ന് ദ്വിദിന ക്യാമ്പ് നടക്കും. ഉദ്ഘാടന ചടങ്ങിലേയ്ക്കും കുട്ടികളുടെ പ്രദർശനം കാണാനും താങ്കളെ സാദരം ക്ഷണിക്കുന്നു.

തിരുവനന്തപുരം
04.02.2025

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

# കാര്യപരിപാടി

## 2025 ഫെബ്രുവരി 08

രാവിലെ 9.00 രജിസ്ട്രേഷൻ

10.30 **കുട്ടികളുടെ റോബോട്ടിക് ഉല്പന്നങ്ങളുടെ പ്രദർശനം**

ഉദ്ഘാടനം

സ്വാഗതം — ശ്രീ. കെ. അൻവർ സാദത്ത് സി.ഇ.ഒ., കൈറ്റ്

അദ്ധ്യക്ഷൻ — ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം എൽ എ

**റോബോട്ടിക് കിറ്റ് വിന്യാസ പൂർത്തീകരണ പ്രഖ്യാപനവും ഉദ്ഘാടനവും**

ശ്രീ. വി. ശിവൻകുട്ടി
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

**പ്രഭാഷണം** — ശ്രീമതി. റാണി ജോർജ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

നന്ദി — ശ്രീ. സുനിൽ ടി.ടി. ഡയറക്ടർ, ICFOSS

**മാസ്റ്റർ ക്ലാസ്**

Innovation and design thinking for
a future shaped by AI and robotics

പ്രൊഫ. പ്രഹ്ളാദ് വടക്കേപ്പാട്ട്
നാഷണൽ യൂണിവേഴ്സിറ്റി, സിംഗപ്പൂർ

ഉച്ചയ്ക്ക് 2.00 **സെഷൻ**

**Innovate yourself: New age ways of learning**

ശ്രീ. സുനിൽ പ്രഭാകർ മീഡിയ കൺസൾട്ടന്റ്

03.15 **ഇൻഡസ്ട്രി വിസിറ്റ്**

ഡ്രോൺ ടെക്നോളജി, അസിസ്റ്റീവ് ടെക്നോളജി,
3 ഡി പ്രിന്റിംഗ്, കാലാവസ്ഥാ നിരീക്ഷണ സംവിധാനം (ICFOSS),
മീഡിയ പ്രൊഡക്ഷൻ ഹൗസ് (KITE VICTERS),
അനിമേഷൻ ഹൗസ് (HIBISCUS Digital Media)

**ആശയവിനിമയം** — ശ്രീ . മധു കെ.എസ്. ഡയറക്ടർ

വൈകിട്ട് 6.30 **കുട്ടികൾ തയ്യാറാക്കിയ അനിമേഷനുകളുടെ പ്രിവ്യൂ**

## 2025 ഫെബ്രുവരി 09

രാവിലെ 9.00

**സെഷൻ** **അനിമേഷൻ**

ശ്രീ. ഫെലിക്സ് ദേവസ്യ
3 ഡി അനിമേറ്റർ

ശ്രീ. സുധീർ പി.വൈ.
2 ഡി അനിമേറ്റർ

11.00 **ടീം ടീച്ചിംഗ് - കൈറ്റ് ടീം**

ഡോ. കെ.ഷാനവാസ്
ഡോ. എ. നിഷാദ്
ശ്രീ. ഷാജി സി.കെ.
ശ്രീ നിധിൻ ജോസ്

ഉച്ചയ്ക്ക് 2.00

**സെഷൻ** **'Oh God..
please DO NOT show me a way..'**

ഡോ. അച്യുത് ശങ്കർ എസ്. നായർ
Former Director, Bio Informatics,
University of Kerala

03.00 **ക്യാമ്പ് വിലയിരുത്തൽ**

കൈറ്റ് ടീം




- സർക്കാർ, എയ്ഡഡ് ഹൈസ്ക്കൂളുകളിൽ 29000 റോബോട്ടിക് കിറ്റുകൾ
- ഹൈസ്കൂൾ ക്ലാസുകളിൽ റോബോട്ടിക്സ് പ്രാഥമിക പാഠങ്ങൾ
- ചുരുങ്ങിയ ചെലവിൽ റോബോട്ടിക് പഠനം
- 70000 ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് അധിക പരിശീലനം
- സാധാരണ ജീവിത സാഹചര്യങ്ങളിൽ റോബോട്ടിക് സാധ്യത സംബന്ധിച്ച് കൊച്ചു ഗവേഷണങ്ങൾ
- പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് തുടർ പഠനത്തിന്റെയും പുതിയ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നു.
- പൊതു വിദ്യാലയങ്ങളുടെ ശാക്തീകരണം
- ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രോട്ടോടൈപ്പ് ഡിസൈൻ പരിശീലനം.

## റോബോട്ടിക് കിറ്റിൽ...

ആർഡിനോ യൂനോ Rev3, എൽ.ഇ.ഡി.കൾ, എസ്ജി90 മിനി സർവോ മോട്ടോർ, എൽ.ഡി.ആർ. സെൻസർ മൊഡ്യൂൾ, ലൈറ്റ് സെൻസർ മൊഡ്യൂൾ, ഐ.ആർ. സെൻസർ മൊഡ്യൂളുകൾ ആക്ടീവ് ബസർ മൊഡ്യൂൾ, പുഷ് ബട്ടൺ സ്വിച്ച്, ബ്രെഡ്ബോർഡ്, ജംപർ വയറുകൾ, റെസിസ്റ്ററുകൾ തുടങ്ങിയവ...

## കിറ്റ് ഉപയോഗിച്ച്....

ട്രാഫിക് സിഗ്നൽ, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ്, ഇലക്ട്രോണിക് ഡയസ്, ഓട്ടോമാറ്റിക് ഡോർ, സെക്യൂരിറ്റി അലാം തുടങ്ങിയവയുടെ പ്രോട്ടോടൈപ്പുകൾ തയാറാക്കുക, ഇലക്ട്രോണിക് വോട്ടിങ് മെഷീൻ, ശബ്ദ നിയന്ത്രിത ഹോം ഓട്ടോമേഷൻ (IoT), കാഴ്ചപരിമിതർക്കുള്ള വാക്കിംഗ് സ്റ്റിക് തുടങ്ങിയ ഉപകരണങ്ങൾ തയാറാക്കുന്ന പ്രവർത്തനങ്ങൾ സബ്ജില്ല, ജില്ലാതലത്തിലും കുട്ടികൾ പരിശീലിക്കുന്നു.

സ്ക്രാച്ച് ഉപയോഗിച്ച് കമ്പ്യൂട്ടർ ഗെയിം തയാറാക്കൽ, പ്രശസ്തമായ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി.)യുടെ 'ആപ്പ് ഇൻവെന്റർ' ഉപയോഗിച്ച് മൊബൈൽ ആപ്പ് നിർമ്മിക്കൽ, ആർട്ടിഫിഷ്യൽ ഇന്റലിജന്റ് പ്രവർത്തനങ്ങൾ എന്നിവയും കുട്ടികൾ പരിശീലിക്കുന്നുണ്ട്.

IndianOil COCHIN SHIPYARD QBurst Canara Bank

**Kerala Infrastructure and Technology for Education ( KITE)**
Poojappura, Thiruvananthapuram - 695012
Phone: 0471 2529800 Email: contact@kite.kerala.gov.in
www.kite.kerala.gov.in